**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1703** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേര പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ നവീകരണത്തിനായി കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ ) പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്.

സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വാണിജ്യവത്ക്കരണവും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചി ട്ടുള്ള Kerala Climate Resilient Agri Value Chain Modernisation (KERA) പദ്ധതിക്ക് 11.01.2024 ലെ G.O.(Ms)No. 09/2024/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അഞ്ച് വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (70%) ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ (30%) സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| ഘടകം | വിഹിതം (ലക്ഷം രൂപയിൽ) |
|---|---|
| 1. കൃഷിയിലെ കാലാവസ്ഥ പ്രതിരോധവും ലഘൂകരണവും | 79043.9 |
| 2. മൂല്യവർധനക്കായി ചെറുകിട ഉടമകളുടെ വാണിജ്യവത്ക്കരണം വർധിപ്പിക്കുക | 89913.6 |
| 3. അഗ്രി ബിസിനസും ഭക്ഷണ സമ്പ്രദായവും | 50889.8 |
| 4. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് | 16702.7 |
| 5. കണ്ടിജന്റ് എമർജൻസി റെസ്പോൺസ് ഘടകവും (സി.ഇ.ആർ.സി) കാലാവസ്ഥ ധനസഹായവും | 0 |
| **ആകെ** | **236550** |

ശാസ്ത്രീയവും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും, കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കാർഷികമേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്.

കാർഷികമൂല്യ ശൃംഖലകളിൽ ഭാഗഭാക്കാകുന്ന ചില്ലറ വ്യാപാരികൾ, അഗ്രിഗേറ്റർമാർ, മൊത്തവ്യാപാരികൾ, കച്ചവടക്കാർ എന്നിവരെ എഫ്.പി.ഒ/എഫ്.പി. സി.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് സുസ്ഥിരമായ വിള അധിഷ്ഠിത ഉത്പാദന സഖ്യങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യവർദ്ധന ശൃംഖലയെ (Climate Resilient Agri-Value Chain) ശക്തിപ്പെടുത്തി, കൃഷിയുമായി ബന്ധപ്പെട്ട പ്രോസസ്സിംഗ് യൂണിറ്റുകൾ, ഫുഡ് പാർക്കുകൾ, അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ, MSME-കൾ എന്നിവയ്ക്ക് കൂടുതൽ സാധ്യതകൾ സൃഷ്ടിക്കാൻ പദ്ധതിയിലൂടെ സാധ്യമാകുന്നു. പുതിയ സാങ്കേതികവിദ്യകളും ഗവേഷണവും സമന്വയിപ്പിച്ച് കർഷകരുടെയും ചെറുകിട സംരംഭകരുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ വ്യവസായവൽക്കരണത്തിനും പദ്ധതി ലക്ഷ്യമിടുന്നു.

മികച്ച സാങ്കേതികവിദ്യയും നവീന കൃഷിരീതികളും പദ്ധതിയിലൂടെ വികസിപ്പിച്ച കർഷകർക്ക് കൈമാറുന്നത് വഴി കൃഷിയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക കർഷക ഉൽപ്പാദക സംഘടനകൾ (FPOs) വഴി കൃഷിയുടെ വാണിജ്യവൽക്കരണം ഊർജിതമാക്കി, അവർക്കു വിപണിയിൽ മികച്ച വില ലഭ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ കൃഷിരീതികൾ നടപ്പിലാക്കുന്നതിലൂടെ നഷ്ടം കുറയ്ക്കാനും വരുമാന സ്ഥിരത ഉറപ്പാക്കാനും സാധിക്കും. കർഷകർക്ക് കൃഷി അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്കും സാമ്പത്തിക പിന്തുണയും ലഭ്യമാക്കുന്നതോടെ, കർഷകർക്ക് തൊഴിൽ സുരക്ഷയും മെച്ചപ്പെട്ട ജീവിത നിലവാരവും സാധ്യമാകുന്നു.

ആധുനിക അഗ്രി-ലോജിസ്റ്റിക് ഹബ്ബുകൾ, കോൾഡ് സ്റ്റോറേജുകൾ, പ്രോസസ്സിംഗ് യൂണിറ്റുകൾ, ഫുഡ് പാർക്കുകൾ എന്നിവ സ്ഥാപിച്ച് ഉൽപ്പാദനവും വിപണന

<table>
<tr><td></td><td></td><td></td><td>ശൃംഖലയും മെച്ചപ്പെടുത്തും. കർഷക സംഘടനകൾക്കും MSME-കൾക്കും അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾക്കും പരിശീലന കേന്ദ്രങ്ങളും ഇൻകുബേഷൻ ഹബ്ബുകളും സജ്ജമാക്കി, നവീന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിടുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>ഉണ്ട്.<br><br>സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വാണിജ്യവത്ക്കരണവും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചി ട്ടുള്ള Kerala Climate Resilient Agri Value Chain Modernisation (KERA) പദ്ധതിക്ക് 11.01.2024 ലെ G.O.(Ms)No. 09/2024/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അഞ്ച് വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (70%) ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ (30%) സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.<br><br>
<table>
<tr><th>ഘടകം</th><th>വിഹിതം (ലക്ഷം രൂപയിൽ)</th></tr>
<tr><td>1. കൃഷിയിലെ കാലാവസ്ഥ പ്രതിരോധവും ലഘൂകരണവും</td><td>79043.9</td></tr>
<tr><td>2. മൂല്യവർധനക്കായി ചെറുകിട ഉടമകളുടെ വാണിജ്യവത്ക്കരണം വർധിപ്പിക്കുക</td><td>89913.6</td></tr>
<tr><td>3. അഗ്രി ബിസിനസും ഭക്ഷണ സമ്പ്രദായവും</td><td>50889.8</td></tr>
<tr><td>4. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്</td><td>16702.7</td></tr>
<tr><td>5. കണ്ടിജന്റ് എമർജൻസി റെസ്പോൺസ് ഘടകവും (സി.ഇ.ആർ.സി) കാലാവസ്ഥ ധനസഹായവും</td><td>0</td></tr>
<tr><td>ആകെ</td><td>236550</td></tr>
</table>
<br>ശാസ്ത്രീയവും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും, കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കാർഷികമേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഊർജ്ജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്.<br><br>കാർഷികമൂല്യ ശൃംഖലകളിൽ ഭാഗഭാക്കാകുന്ന ചില്ലറ വ്യാപാരികൾ, അഗ്രിഗേറ്റർമാർ, മൊത്തവ്യാപാരികൾ, കച്ചവടക്കാർ എന്നിവരെ എഫ്.പി.ഒ/എഫ്.പി. സി.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് സുസ്ഥിരമായ വില അധിഷ്ഠിത ഉത്പാദന സഖ്യങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.<br><br>കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യവർദ്ധന ശൃംഖലയെ (Climate Resilient Agri-Value Chain) ശക്തിപ്പെടുത്തി, കൃഷിയുമായി ബന്ധപ്പെട്ട പ്രോസസ്സിംഗ് യൂണിറ്റുകൾ, ഫുഡ് പാർക്കുകൾ, അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ, MSME-കൾ എന്നിവയ്ക്ക് കൂടുതൽ സാധ്യതകൾ സൃഷ്ടിക്കാൻ പദ്ധതിയിലൂടെ സാധ്യമാകുന്നു. പുതിയ സാങ്കേതികവിദ്യകളും ഗവേഷണവും സമന്വയിപ്പിച്ച് കർഷകരുടെയും ചെറുകിട സംരംഭകരുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ വ്യവസായവൽക്കരണത്തിനും പദ്ധതി ലക്ഷ്യമിടുന്നു.<br><br>മികച്ച സാങ്കേതികവിദ്യയും നവീന കൃഷിരീതികളും പദ്ധതിയിലൂടെ വികസിപ്പിച്ച് കർഷകർക്ക് കൈമാറുന്നത് വഴി കൃഷിയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക കർഷക ഉൽപ്പാദക സംഘടനകൾ (FPOs) വഴി കൃഷിയുടെ വാണിജ്യവൽക്കരണം ഊർജിതമാക്കി, അവർക്കു വിപണിയിൽ മികച്ച വില ലഭ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ കൃഷിരീതികൾ നടപ്പിലാക്കുന്നതിലൂടെ നഷ്ടം കുറയ്ക്കാനും വരുമാന സ്ഥിരത ഉറപ്പാക്കാനും സാധിക്കും. കർഷകർക്ക് കൃഷി അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്കും സാമ്പത്തിക പിന്തുണയും ലഭ്യമാക്കുന്നതോടെ, കർഷകർക്ക് തൊഴിൽ സുരക്ഷയും മെച്ചപ്പെട്ട ജീവിത നിലവാരവും സാധ്യമാകുന്നു.<br><br>ആധുനിക അഗ്രി-ലോജിസ്റ്റിക് ഹബ്ബുകൾ, കോൾഡ് സ്റ്റോറേജുകൾ, പ്രോസസ്സിംഗ് യൂണിറ്റുകൾ, ഫുഡ് പാർക്കുകൾ എന്നിവ സ്ഥാപിച്ച് ഉൽപ്പാദനവും വിപണന ശൃംഖലയും മെച്ചപ്പെടുത്തും. കർഷക സംഘടനകൾക്കും MSME-കൾക്കും അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾക്കും പരിശീലന കേന്ദ്രങ്ങളും ഇൻക്യൂബേഷൻ ഹബ്ബുകളും സജ്ജമാക്കി, നവീന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിടുന്നു. |
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്ക് നൽകിയ പണം പൂർണമായും വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ലോകബാങ്ക് വിഹിതത്തിന്റെ ആദ്യ ഗഡുവായി ലഭ്യമായ 139.65 കോടി രൂപയിൽ 10.2452702 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ ഘടകം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കേര പദ്ധതിയ്ക്കായി 2025-26 ൽ ഘടകം തിരിച്ചുള്ള ചെലവ്

| ക്രമ നം. | ഘടകത്തിന്റെ പേര് | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|
| 1. | ഘടകം 1 : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും | 1.793371 |
| 2. | ഘടകം 2 : പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർദ്ധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക. | 2.274548 |
| 3. | ഘടകം 3 : FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം | 1.1463342 |
| 4. | ഘടകം 4 : പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് | 5.031017 |
| | **ആകെ** | **10.2452702** |